ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇ-മിസ്റ്റ് സോഫ്റ്റ്വെയർ (ഇലക്ട്രോണിക് മാനേജ്മെന്റ് ആന്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ സ്റ്റേഷനറി ഡിപ്പാർട്ടുമെന്റ്) മുഖാന്തരം വിതരണ മേഖല കമ്പ്യൂട്ടർവൽക്കരിക്കുന്ന ജോലി അന്തിമഘട്ടത്തിലാണ്.

(ബി) ഇല്ല.

(സി) സ്റ്റോർ പർച്ചേസ് മാന്വലിലെ എല്ലാ നിബന്ധനകളും പാലിച്ചു കൊണ്ട്, പേപ്പർ, മറ്റ് സ്റ്റേഷനറി സാധനങ്ങൾ എന്നിവ ദർഘാസ് മുഖാന്തര മാണ് വാങ്ങുന്നത്. ദർഘാസിനോടൊപ്പം ലഭിക്കുന്ന സാമ്പിളുകൾ പേപ്പർ ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ദർഘാസ് പ്രകാരമുള്ള സ്പെസിഫി ക്കേഷനിലുള്ളവയ്ക്കുമാത്രമേ സപ്ലൈ ഓർഡർ നൽകാറുള്ളൂ. ഡി.ജി. എസ്.&ഡി. റേറ്റ് കോൺട്രാക്ട് പ്രകാരം വാങ്ങുന്ന പേപ്പർ ഇനങ്ങൾക്ക് ഡി.ജി. എസ്.&ഡി.-യുടെ ക്വാളിറ്റി അഷ്വറൻസ് ശാഖയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന് ഇ-പ്രൊക്യൂർമെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വാങ്ങിയിട്ടില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ഭൂമിയുടെ ന്യായവില

25*(T*205) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിച്ച് ഉത്തരവായത് എന്നാണ് ;

(ബി) ന്യായവില നടപ്പാക്കിയതോടൊപ്പം സ്റ്റാമ്പ്ഡ്യൂട്ടിയിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്നതും പുതുക്കി നിശ്ചയിച്ചതുമായ നികുതി നിരക്ക് വ്യക്തമാക്കുമോ ;

(ഡി) കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുകൈമാറ്റങ്ങൾക്ക് എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത് ;

(ഇ) വീടുവയ്ക്കുന്നതിനായി സ്ഥലം വാങ്ങുന്ന ആദിവാസികൾക്കും മറ്റ് താഴ്ന്ന വിഭാഗക്കാർക്കും സ്റ്റാമ്പ് ഡ്യൂട്ടിയിലും മറ്റും എന്തെല്ലാം ആനുകൂല്യ ങ്ങളാണ് നൽകിയിട്ടുള്ളത് ;

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഭൂമിക്ക് ന്യായവില നിശ്ചയിച്ചതിനുശേഷം സ്റ്റാമ്പ്ഡ്യൂട്ടി ഇനത്തിലുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 6-3-2011-ലെ കേരള ഗസ്റ്റ് (അസാധാരണം) 515 നമ്പരായാണ് സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ അതിർത്തിയിലേയും ഭൂമിയുടെ അന്തിമ ഫെയർവാല്യൂ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(ബി) ന്യായവില നടപ്പിൽ വരുത്തിയതോടൊപ്പം, കേരള ഫിനാൻസ് ആക്ട്, 2010 പ്രകാരം 1959-ലെ കേരള മുദ്രപത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, 1-4-2010 മുതൽ മുദ്രവില നിരക്കിൽ കുറവ് വരുത്തിയിട്ടുണ്ട്.

(സി)

ലോക്കൽ ബോഡി	1-4-2010-നു മുമ്പ് നിലവിലുണ്ടായിരുന്ന മുദ്ര വില നിരക്ക്	1-4-2010-നു ശേഷമുള്ള മുദ്ര വില നിരക്ക
പഞ്ചായത്ത്	10%	7%
മുനിസിപ്പാലിറ്റി	12.5%	8%
കോർപ്പറേഷൻ	13.5%	9%

(ഡി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങൾക്ക് മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ നൽകിയിട്ടുണ്ട്.

(ഇ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആൾക്കാർക്ക് വീടുവയ്ക്കുന്ന ആവശ്യത്തിലേക്കായി 5 സെന്റിൽ താഴെ ഭൂമി വാങ്ങുന്നതിന് ആവശ്യമായ മുദ്രവില 27-3-2010-ലെ ജി.ഒ. (എംഎസ്.) 86/10/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗക്കാർ അവരുടെ കുടുംബാംഗങ്ങൾക്കിടയിൽ നടത്തുന്ന ഭാഗപത്രാധാരങ്ങൾക്ക് ആവശ്യമായ മുദ്രവില 100 രൂപയായും രജിസ്ട്രേഷൻ ഫീസ് 1% മായും കുറച്ചുകൊണ്ട് 4-8-2010-ലെ ജി.ഒ.(പി) 201/2010/റ്റി.ഡി. ജി.ഒ.(പി)202/2010/റ്റി.ഡി.എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്.

(എഫ്) ന്യായവില നിർണ്ണയിച്ചശേഷം സ്റ്റാമ്പ്ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലുമുള്ള റവന്യൂ വരുമാനത്തിൽ മിതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly